**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** **05-12-2022 - ൽ മറുപടിയ്ക്ക്**

**അലയ്ഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്ട് പ്രകാരം സംസ്ഥാനത്ത് രൂപീകരിക്കുന്ന കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ 2021-ൽ പാസ്സാക്കിയ അലയ്ഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്ട് കേരളത്തിൽ നടപ്പാക്കുവാൻ ഇതു വരെ എന്ത് നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചത്; പ്രസ്തുത ആക്ടിനു കീഴിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് എന്തെല്ലാം സാധ്യതകളാണ് കേരളത്തിൽ ലഭ്യമാക്കുക; ഇതുസംബന്ധിച്ച് സ്പെഷ്യൽ റൂൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | 28/03/2021-ലെ ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCHAP) ആക്റ്റ് 2021 ലെ വ്യവസ്ഥകൾ പാലിച്ച് പ്രസ്തുത നിയമത്തിലെ സെക്ഷൻ 22 പ്രകാരം 28/09/2022-ലെ സഉ(അച്ചടി)നം.53/2022/ആ.കു.വ ഉത്തരവ് പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ സെക്ഷൻ 68-ന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ കരട് ചട്ടങ്ങൾ പരിശോധിച്ചു വരികയാണ്. അതോടൊപ്പം കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയും നിലവിൽ പരിശോധനയിലാണ്. കേന്ദ്ര നിയമത്തിലെ സെക്ഷൻ 66 (I) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നാഷണൽ കമ്മീഷൻ റഗുലേഷനുകൾ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്ന മുറയ്ക്കും, റഗുലേഷനുകൾ നാഷണൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്കും കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത കെയർ പ്രൊഫഷൻസ് ആക്ട് 2021ന്റെ ഷെഡ്യൂളിൽ ക്ലോസ് 6 ൽ ഒക്യൂപേഷണൽ തെറാപ്പിസ്റ്റുകളുടെ തൊഴിൽമേഖല വിവരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കേരള പബ്ലിക് സർവീസ് കോർപ്പറേഷൻ 2022 ജൂൺ 15 ന പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരമുള്ള (കാറ്റഗറി നമ്പർ 183/2022) ആരോഗ്യ വകുപ്പിലേക്കുള്ള ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ നിയമനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ 2022 ജൂൺ 15-നു പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള (കാറ്റഗറി നമ്പർ 183/2022) ആരോഗ്യ വകുപ്പിലേക്കുള്ള ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ പ്രാഥമിക തല സൂക്ഷ്മ പരിശോധന നടന്നു വരുന്നു. |
| (സി) | കേരളത്തിലെ ബാച്ലേഴ്സ് ഓഫ് ഒക്യുപേഷണൽ തെറാപ്പി കോഴ്സിന്റെ മിനിമം സ്റ്റാൻഡേർഡ് റെഗുലേഷൻസ് പ്രസിദ്ധികരിക്കാനും അതുവഴി കൂടുതൽ മെഡിക്കൽ കോളേജുകളിൽ കോഴ്സ് ആരംഭിക്കാനും വേണ്ടുന്ന എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ബാച്ലേഴ്സ് ഓഫ് ഒക്യുപേഷണൽ തെറാപ്പി കോഴ്സിന്റെ മിനിമം സ്റ്റാൻഡേർഡ് റഗുലേഷൻസ് ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. |
| (ഡി) | അലയ്ഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്ടിന് ചുവട് പിടിച്ച് സംസ്ഥാനത്ത് രൂപീകരിക്കുന്ന കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുമോ; ആയതിന്റെ സ്പെഷ്യൽ റൂൾ സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ നിലവിലുള്ള കെ2/27/2022 എച്ച്. ആന്റ് എഫ്. ഡബ്ല്യു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന് ഉണ്ടായ കാലതാമസം വിശദമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാർ പാസാക്കിയ ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCHAP) ആക്റ്റ് 2021 -ന്റെ സെക്ഷൻ 22 (ഇ) പ്രകാരം ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിഭാഗത്തിൽ നിന്നും 2 പ്രതിനിധികളെ വീതം സംസ്ഥാന കൗൺസിലിൽ ഉൾപ്പെടുത്തേണ്ടതുണ്ട് ആക്ടിന്റെ ഷെഡ്യൂളിൽ ഒക്യുപേഷണൽ തെറാപ്പിയും ഉൾപ്പെട്ടിട്ടുണ്ട്.<br><br>കരട് ചട്ടങ്ങൾ നിയമവകുപ്പ് പരിശോധിച്ച് വരുന്നു (ഫയൽ നം. കെ2/27/2022/ആ.കു.വ). |

സെക്ഷൻ ഓഫീസർ